# എസ്.എൻ.റ്റി.യു.പി.സ്കൂൾ

## (ശ്രീനാരായണ താരക അപ്പർ പ്രൈമറി സ്കൂൾ)

റാന്നി-വൈക്കം(പാലച്ചുവട്)

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

## 1. ആമുഖം

1918 ആഗസ്റ്റ് 26 തീയതി ശ്രീമൂലൂർ എസ് പത്മനാഭ പണിക്കരുടെ നേതൃത്വത്തിൽ സ്ഥലവാസികളുടെ കൂട്ടായ്മയിൽ പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടി ഈ സരസ്വതീക്ഷേത്രം സ്ഥാപിച്ചു. സമീപവാസികളായ തെക്കേ ചെരുവിൽ കുടുംബക്കാരും തടത്തേൽ കുടുംബക്കാരും സംഭാവനയായി നൽകിയ ഒന്നര ഏക്കർ സ്ഥലം സ്ഥലവാസികളുടെ സഹകരണത്തോടെ നിരപ്പാക്കി ഒരു ഓലഷെഡ് സ്ഥാപിച്ചു. കാലാന്തരത്തിൽ കരിങ്കല്ല് കിട്ടിയ ഓടിട്ട കെട്ടിടങ്ങളായി. ആരംഭത്തിൽ അയിരൂർ മുടീത്രയിൽ ശങ്കരൻ അവർകൾ കറസ്പോണ്ടിമാനേജരായി പ്രവർത്തിച്ചുകൊണ്ട് 1,2 ക്ലാസുകൾ തുടങ്ങുകയും തുടർന്ന് 3,4,5,6,7,8 എന്നീ ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. 1946 ഫെബ്രുവരി 18-ാം തീയതി 1 മുതൽ 5 വരെ ക്ലാസുകൾ ഒരു കെട്ടിടം സഹിതം തിരുവതാംകൂർ വിദ്യാഭ്യാസ വകുപ്പിന് ഒരു ചക്രത്തിന് കൈമാറുകയും ബാക്കി 6,7,8 ക്ലാസുകൾ യുപി സ്കൂൾ ആയി പ്രവർത്തിച്ചു വരുന്നു. 1961-62-ൽ 5,6,7 ക്ലാസ്സുകളിലായി പുനഃക്രമീകരിച്ച് അപ്പർ പ്രൈമറി വിഭാഗം പ്രവർത്തനം ആരംഭിച്ചു. നിലവിൽ അയിരൂർ മുടീത്രയിൽ ശ്രീ എം.എസ്. സുധാകരൻ, ശ്രീ എം എസ് നടരാജൻ എന്നിവർ മാനേജർമാരായി പ്രവർത്തിക്കുന്നു. 5 അദ്ധ്യാപകരും ഒരു ഓഫീസ് അറ്റൻഡൻറും ഇവിടെ സേവനം അനുഷ്ഠിച്ചുവരുന്നു. 5,6,7 ക്ലാസുകളിലായി 34 കുട്ടികൾ 2025-26 ൽ അദ്ധ്യയനം നടത്തി വരുന്നു. നിലവിൽ 2 കെട്ടിടങ്ങൾ യോജിപ്പിച്ച രീതിയിൽ കാണപ്പെടുന്ന ഒരു കെട്ടിടത്തിൽ മൂന്ന് ക്ലാസ് മുറികളും രണ്ടാം കെട്ടിടത്തിൽ 4 ക്ലാസ് മുറികളും ഉണ്ട്. നാല് മുറികളിലായി ഓഫീസ് റൂം, കമ്പ്യൂട്ടർ റൂം, സ്റ്റാഫ് റൂം, അടുക്കള എന്നിവ പ്രവർത്തിക്കുന്നു. അത്യാവശ്യത്തിനുമാത്രം ഫർണിച്ചർ ഉണ്ട്. PTA കമ്മിറ്റി, MPTA കമ്മിറ്റി, ഉച്ചഭക്ഷണകമ്മിറ്റി, വിദ്യാലയ വികസന സമിതി, എസ്എംസി കമ്മിറ്റി തുടങ്ങിയ കമ്മിറ്റികൾ പ്രവർത്തിക്കുന്നു

**_പ്രതിസന്ധികൾ പരിമിതികൾ_**

സ്കൂൾ കെട്ടിടം, ഫർണിച്ചറുകൾ, കമ്പ്യൂട്ടർ മറ്റ പഠനോപകരണങ്ങൾ എന്നിവയുടെ പരിമിതി ദൃശ്യമാണ്.

**_വിദ്യാലയ മികവുകൾ_**

അധ്യാപകരുടെ മേൽനോട്ടത്തിൽ നാലു ഭാഷകളിലായി (മലയാളം ഇംഗ്ലീഷ് ഹിന്ദി സംസ്കൃതം) അസംബ്ലി നടന്നുവരുന്നു. കുട്ടികളുടെ നൈസർഗികമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ചിട്ടയോടുകൂടി നടത്തിവരുന്നു. പഠന പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങൾക്കും പരിഗണന നൽകുന്നു. പഞ്ചായത്ത് തലത്തിലും ഉപജില്ലാതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കുട്ടികൾ മികവ് തെളിയിച്ചിട്ടുണ്ട്.

**_ലൈബ്രറി_**

ലൈബ്രറി പുസ്തകങ്ങൾ നിരവധി ഉണ്ടെങ്കിലും പ്രത്യേകമായി റൂം നിലവിലില്ല. എന്നിരുന്നാലും കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ ചിട്ടയോടെ നൽകുകയും വായനാക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

**_ക്ലബ്ബ് പ്രവർത്തനങ്ങൾ_**

നാല് ഭാഷാ ക്ലബ്ബുകളും (മലയാളം, ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദി) ഗണിതക്ലബ്, സയൻസ് ക്ലബ്, സാമൂഹ്യശാസ്ത്ര ക്ലബ് എന്നിവ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്യുന്നു. പിന്നോക്കക്കാർക്ക് അനുഗുണമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തി നൽകുകയും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

**<u>പൊതുലക്ഷ്യങ്ങൾ</u>**

- ഓരോ കുട്ടിയുടേയും സർഗപരവും സാഹിത്യപരവും അക്കാദമികവും കായികവുമായ പരമാവധി കഴിവുകളെ പ്രോത്സാഹിപ്പിക്കുക, എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിൽ എഴുതാനും വായിക്കാനും ഉറപ്പാക്കുക
- അടിസ്ഥാന ഗണിതശേഷി, ശാസ്ത്രാഭിരുചി ഇവ വളർത്തിയെടുക്കുക.
- പ്രവർത്തിപരിചയത്തിന് ഊന്നൽ നൽകി തൊഴിൽ മേഖലയിൽ വൈദഗ്ധ്യം നേടുക, മികച്ച വായനാശീലം വളർത്തുക.
- രാജ്യസ്നേഹവും, ജനാധിപത്യബോധവും വളർത്തിയെടുക്കുക
- ലക്ഷ്യസാക്ഷാത്കാരത്തിന് ഉതകുന്ന തരത്തിലുള്ള സാമഗ്ര ഗുണമേന്മ വിദ്യാഭ്യാസം നടപ്പിലാക്കുക.

**<u>മേഖലകൾ</u>**

1. മലയാളം
2. ഇംഗ്ലീഷ്
3. ഹിന്ദി
4. സംസ്കൃതം
5. അടിസ്ഥാന ശാസ്ത്രം
6. സാമൂഹ്യശാസ്ത്രം
7. ഗണിതം

## വിഷയം - മലയാളം

| ലക്ഷ്യപ്രസ്താവന | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | ക്ലാസ് |
|---|---|---|---|---|
| മലയാള ഭാഷയിലുള്ള പിന്നോക്ക അവസ്ഥയ്ക്ക് പരിഹാരം കാണൽ. | പ്രീ ടെസ്റ്റ് നടത്തുന്നു.ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ ,ചിഹ്നങ്ങൾ ഇവ ഉറപ്പിക്കുന്നു. പദങ്ങൾ എഴുതുന്നു.വാക്യങ്ങൾ നിർമ്മിക്കുന്നു. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ചിത്രങ്ങളും പാട്ടുകളും പ്രദർശിപ്പിച്ചുകൊണ്ട് കുട്ടികൾക്ക് ആസ്വാദ്യകരമാം വിധം അക്ഷരങ്ങൾ പഠിപ്പിക്കുന്നു. | ജൂൺ മുതൽ ആറുമാസം | മലയാളം അധ്യാപകർ, ക്ലാസ്സ് ടീച്ചർമാർ | 5<br>6<br>7 |
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | ബാല പ്രസിദ്ധീകരണങ്ങൾ ശേഖരിക്കുന്നു. വായനശാല സജ്ജമാക്കുന്നു. ലൈബ്രറിയുടെ പ്രവർത്തനം ചിട്ടയോടെ നടത്തുന്ന ,പുസ്തകം വായിക്കുന്ന ,പത്രവായന മത്സരം നടത്തുന്ന അഭിരുചിയുള്ള മേഖല കണ്ടെത്തുന്ന കണ്ടെത്തിയ മേഖലയ്ക്ക് അനുസരിച്ച് പ്രവർത്തനങ്ങൾ നൽകുന്നു. | 6 മാസം | മലയാളം അധ്യാപകർ, ലൈബ്രേറിയൻ | 5<br>6<br>7 |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക. | ഓരോരുത്തരുടെയും മേഖലകൾക്ക് അനുസൃതമായി വീഡിയോകളും ഓഡിയോകളും കണ്ടെത്തി പ്രദർശിപ്പിക്കുന്ന കുട്ടികൾ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. വാർത്തകൾ, കൗതുകകരമായ വാർത്തകൾ ശേഖരണം അവതരണം ചാർട്ടിൽ തട്ടിച്ച് പ്രദർശനം. | 6 മാസം | | 5<br>6<br>7 |

| | | | | |
|---|---|---|---|---|
| ചോദ്യങ്ങൾ യുക്തിപൂർവ്വം ചോദിക്കുന്നതിനും ഉത്തര-ങ്ങൾ കണ്ടെത്തുന്നതിനുള്ള മനോഭാവം വളർത്തുന്നതിന് | ശാസ്ത്രക്വിസ് അധ്യാപകൻ തയ്യാറാക്കിയ ശാസ്ത്ര ചോദ്യാവലിയുടെ ഉത്തരം കണ്ടെത്തൻ അവതരണം ചാർട്ടിൽ തട്ടിച്ച് പ്രവർത്തനം. | മധ്യകാലം | | |
| കുട്ടികളുടെ സഹജമായ അന്വേഷണം പ്രോത്സാഹിപ്പിക്കുന്നതിന് | ജീവചരിത്രക്കുറിപ്പ് ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം, പരീക്ഷണ-ങ്ങൾക്ക് അംഗീകാരം കിട്ടിയ ദിവസം ശാസ്ത്രജ്ഞന്മാരുടെ ജീവിതാനുഭവങ്ങൾ എന്നിവ എന്നിവയെപ്പറ്റി പഠിക്കുക | ഹ്രസ്വകാലം | | |
| പ്രശ്നങ്ങളെ നിർദ്ധാരണം ചെയ്ത് പരിഹാരം കണ്ടെ-ത്തുന്നതിൽ പ്രാപ്തി നേടുക | ബാലശാസ്ത്ര കോൺഗ്രസ് വിവരങ്ങൾ ശേഖരിക്കുകയും അവ വർഗ്ഗീകരിച്ച് നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നതിലൂടെ പ്രോജക്ട് | ഹ്രസ്വകാലം | | |
| കലാഭിരുചി വളർത്തുന്ന | മലയാള അസംബ്ലിയിൽ പ്രസംഗിക്കുന്ന ദേശഭക്തിഗാനം ആലപിക്കുന്ന വാർത്ത വായിക്കുന്ന വായനാക്കുറിപ്പ് അവതരിപ്പിക്കുന്ന ഡിജിറ്റൽ സങ്കേതത്തിന്റെ സഹായത്തോടെ പ്രവർത്തനങ്ങൾ നൽകുന്ന | ദീർഘകാലം | | |
| | കലാപ്രവർത്തനങ്ങൾ പരിശീലിപ്പിക്കുന്ന | രണ്ടാഴ്ചയിൽ ഒന്ന് | | |
| | അവതരിപ്പിക്കുന്ന | മാസത്തിൽ ഒരുതവണ | | |

# വിഷയം - ഇംഗ്ലീഷ്

| ലക്ഷ്യപ്രസ്താവന | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | ക്ലാസ്സ് |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സാമാന്യമായി സംസാരിക്കുന്നതിനും എഴുതുന്നതിനും വായിക്കുന്നതിനുള്ള ശേഷി ആർജിക്കുക | ലഘു വാക്യങ്ങൾ നൽകുന്നു കുട്ടികൾ എഴുതുന്നു വായിക്കുന്നു ഡിജിറ്റൽ ഉപകരണ-ങ്ങൾ ഉപയോഗിച്ച് അക്ഷരങ്ങളും ഉച്ചാരണം മനസ്സിലാക്കുന്നു. തദ്വാര വാക്കുകളുടെ ഉച്ചാരണം കൃത്യപ്പെടുത്തുന്നു. സരള പദങ്ങൾ അടങ്ങിയ പുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നു. കുട്ടികൾ അവ വായിക്കുന്നു .E-Cube ന്റെ സഹായത്തോടെ കൂടുതൽ സ്പഷ്ടത വരുത്തുന്നു. കുട്ടികൾക്ക് എഴുത്തിലും വായനയിലും ഉള്ള മികവുകളെ അളക്കുന്നു .നൂതന സാങ്കേതികവിദ്യ പ്രയോജന-പ്പെടുത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നൂതന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ് റൂം സങ്കേതങ്ങളെയും ഓൺലൈൻ വിഭവങ്ങളെയും ശ്രദ്ധാപൂർവ്വം മിശ്രണം ചെയ്തു നൽകുന്നു | ഹ്രസ്വകാലം (മൂന്നുമാസം) | ഇംഗ്ലീഷ് ടീച്ചർ | 5<br>6<br>7 |
| സർഗ്ഗ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുക | സർഗ്ഗ വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നു . അസംബ്ലിയിൽ ഇംഗ്ലീഷ് വായനയ്ക്ക് അനുസൃതമായ പ്രവർത്തനങ്ങൾ നൽകുന്നു ഇംഗ്ലീഷ് മാധ്യമത്തിലൂടെ വിവിധ പ്രോഗ്രാമുകൾ കുട്ടികളെ കാണിക്കുന്നു. പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്നു കുട്ടികൾ വേദിയിൽ അവതരിപ്പിക്കുന്നു. | ദീർഘകാലം (10 മാസം) | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുന്നു<br><br>കുട്ടികളിലെ ഇംഗ്ലീഷ് സാഹിത്യ അഭിരുചിയെ വളർത്തുക<br><br>കുട്ടികളെ മികച്ച വായനക്കാർ ആക്കുക | ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരിക്കുക ,ഇംഗ്ലീഷ് പത്രവായന നടത്തുക ,ഇംഗ്ലീഷ് കഥാപുസ്തകം വായിപ്പിക്കുക, മാതൃഭാഷയിലൂടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാൻ പരിശീലനം നൽകുക, ഇംഗ്ലീഷിലുള്ള ചെറുകഥകളുടെ വീഡിയോ പ്രദർശിപ്പിച്ച ചോദ്യങ്ങളിലൂടെ കഥയുടെ അർത്ഥം മനസ്സിലാക്കുക<br><br>മാഗസിൻ രൂപീകരിക്കുക ,കഥ കവിതകൾ എഴുതുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക ഇംഗ്ലീഷ് പ്രസംഗം തുടങ്ങിയവ പരിശീലിപ്പിക്കുന്നു. ആനുകാലികമായ മികച്ച ഉൽപ്പന്നങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രദർശിപ്പിക്കുന്നു വേദിയിൽ അവതരിപ്പിക്കുന്നു<br><br>വായനാ മൂല സജ്ജമാക്കുന്നു പത്രവാർത്ത വായന പുസ്തകം വായിക്കുന്നു. വായനാ മത്സരം നടത്തുന്നു. | ദീർഘകാലം (10 മാസം)<br><br>ദീർഘകാലം | ഇംഗ്ലീഷ് ക്ലബ് സെക്രട്ടറിമാർ<br><br>ഇംഗ്ലീഷ് ടീച്ചർ | 5<br>6<br>7 |

# വിഷയം - ഹിന്ദി

| ലക്ഷ്യ പ്രസ്താവന | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | ക്ലാസ്സ് |
| --- | --- | --- | --- | --- |
| ഹിന്ദി ഭാഷ സാമാന്യമായി എഴുതുവാനും വായിക്കാനും ഉള്ള കഴിവ് ആർജിക്കുക. | ചാർട്ടുകൾ, ചിത്രങ്ങൾ ഉപയോഗിച്ച് അക്ഷരം ഉറപ്പിക്കുന്നു .പദങ്ങൾ വായിക്കുന്നു .വാക്യങ്ങൾ വായിക്കുന്നു. പദങ്ങളും വാക്യങ്ങളും എഴുതുന്നു .ഹിന്ദി അസംബ്ലി നടത്തുന്നു | ജൂൺ മുതൽ ആറുമാസം<br>മാസത്തിൽ ഒരു തവണ | ഹിന്ദി അധ്യാപിക | 5<br>6<br>7 |
| ഹിന്ദി ഭാഷയിലുള്ള പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണൽ | പ്രീ ടെസ്റ്റ് അക്ഷരങ്ങൾ ഉറപ്പിക്കുന്നു . ചിഹ്നങ്ങൾ ഉറപ്പിക്കുന്നു .അക്ഷര കാർഡ് ഉപയോഗിക്കുന്നു. പദങ്ങൾ എഴുതുന്നു ,വായിക്കുന്നു .പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ് റൂം സങ്കേതങ്ങളെയും ഓൺലൈൻ വിഭവങ്ങളെയും ശ്രദ്ധാപൂർവ്വം മിശ്രണം ചെയ്തു നൽകുന്നു. | ആറുമാസം<br>മാസത്തിൽ രണ്ടു തവണ | | 5<br>6<br>7 |
| ഭാഷാശേഷി വികസിപ്പിക്കുക | ലഘു പുസ്തകങ്ങൾ നൽകുന്നു വായിപ്പിക്കുന്നു ചെറിയ വാക്യങ്ങൾ എഴുതിക്കുന്നു വായന കുറിപ്പ് തയ്യാറാക്കുന്നു | | | 5<br>6<br>7 |

# വിഷയം - സംസ്കൃതം

| ലക്ഷ്യ പ്രസ്താവന | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | ക്ലാസ്സ് |
|---|---|---|---|---|
| സംസ്കൃത ഭാഷയുടെ അടിസ്ഥാനശേഷി കൈവരിക്കുക. | ചിത്രങ്ങൾ ,പദങ്ങൾ ദിവസ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു . ലഘുവാക്യങ്ങൾ വായിക്കുന്നു എഴുതുന്നു. പ്രീ ടെസ്റ്റ് നടത്തുന്നു അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഇവയെ ഉറപ്പിക്കുന്നു . | ജൂൺ മുതൽ ആറുമാസം<br>ആറുമാസം | സംസ്കൃത അധ്യാപകൻ | 5<br>6<br>7 |
| സംസ്കൃത ഭാഷയിലുള്ള പിന്നോക്ക അവസ്ഥയ്ക്ക് പരിഹാരം കാണാൻ. | അക്ഷരങ്ങൾ ചിഹ്നങ്ങൾ ഇവ ഉപയോഗിക്കുന്നു. ലഘുവാക്യങ്ങൾ നൽകുന്നു .ചെറുകഥകൾ നൽകുന്നു. ലൈബ്രറി ഉപയോഗപ്പെടുത്തുന്നു . ചിത്രകഥകൾ വായിക്കുന്നു .സിദ്ധ രൂപം ധാതുരൂപം ഇവ ചൊല്ലിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം<br>മാസത്തിൽ ഒരു തവണ | സംസ്കൃത അധ്യാപകൻ<br>സംസ്കൃത അധ്യാപകൻ | 5<br>6<br>7<br>5<br>6<br>7 |
| സാമാന്യമായി എഴുതുവാനും വായിക്കാനും ഉള്ള കഴിവ് നേടുക. സംസ്കൃത പദ ശേഖരണ പാടവം | പച്ചക്കറികളുടെയും പഴങ്ങളുടെ മറ്റു നിത്യോപയോഗ വസ്തുക്കളുടെയും പദങ്ങൾ കണ്ടെത്തുന്നു. ശേഷിക്കുന്നവ എഴുതി പ്രദർശിപ്പിക്കുന്നു. | വർഷത്തിലൊരു തവണ | | |
| കലാ അഭിരുചി വളർത്തുക | നൈസർഗിക വാസനകൾക്ക് അനുസൃതമായി കലാപ്രവർത്തനങ്ങൾ നൽകുക പരിശീലിപ്പിക്കുക അവതരിപ്പിക്കുക. ലേഖനങ്ങൾ തയ്യാറാക്കുന്നു. പതിപ്പ് ഉണ്ടാക്കുന്നു പ്രകാശിപ്പിക്കുന്നു | മാസത്തിൽ ഒരു തവണ<br>വർഷത്തിലൊരു തവണ | | |

# വിഷയം - സാമൂഹ്യശാസ്ത്രം

| ലക്ഷ്യ പ്രസ്താവന | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | ക്ലാസ്സ് |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിൽ പിന്നോക്ക അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തൽ. | സാമൂഹ്യശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നടത്തുന്നു. സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുക. | ദീർഘകാലം (10 മാസം) | സാമൂഹ്യശാസ്ത്ര അധ്യാപിക | 5 6 7 |
| സാംസ്കാരിക അവബോധം സൃഷ്ടിക്കുക. | സാമൂഹ്യ ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുക. മാഗസിൻ രൂപീകരിക്കുക, സാമൂഹ്യശാസ്ത്രബോധം വളർത്താൻ ആവശ്യമായ ക്ലാസുകൾ എടുക്കുക. സെമിനാറുകൾ നടത്തുക. കുട്ടികളിൽ സാമൂഹ്യ അവബോധം വളർത്തുന്നതിന് ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ നടത്തുക. Virtual tour സംഘടിപ്പിക്കുക. | ഹ്രസ്വകാലം (മൂന്നുമാസം) | സാമൂഹ്യശാസ്ത്ര ക്ലബ്ബ് സെക്രട്ടറിമാർ | |
| നിർമ്മാണ നൈപുണ്യം വളർത്തുക. | സ്റ്റിൽ മോഡൽ നിർമ്മിക്കുക .വർക്കിംഗ് മോഡൽ നിർമിക്കുക. ഫീൽഡ് ട്രിപ്പ് നടത്തുക .പഠന സാമൂഹിക കുട്ടികളെ കൊണ്ടു നിർമ്മിക്കുക. | ദീർഘകാലം (10 മാസം) | | |
| നൈസർഗികവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുക. | വായനവാരം സംഘടിപ്പിക്കുക .പത്രവായന പ്രോത്സാഹിപ്പിക്കുക. പത്ര ക്വിസ് സംഘടിപ്പിക്കുക വായനാമത്സരം നടത്തുക. | ഹ്രസ്വകാലം (മൂന്നുമാസം) | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| സാംസ്കാരിക അവബോധം സൃഷ്ടിക്കുക | ചരിത്രകാരന്മാരുടെ ജന്മദിനം ഉൾക്കൊള്ളിച്ച് കലണ്ടർ നിർമ്മിക്കുക ജീവചരിത്രക്കുറിപ്പ് എഴുതുക ക്ലാസ് ലൈബ്രറി നിർമ്മിക്കുക. | ഹ്രസ്വകാലം (മൂന്നുമാസം) | | |

# വിഷയം - അടിസ്ഥാന ശാസ്ത്രം "രസം രസകരം"

| ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ധനകാര്യ വിശകലനങ്ങൾ | ക്ലാസ്സ് |
|---|---|---|---|---|
| ചുറ്റുപാടിലെ മാറ്റങ്ങളെ ലളിതമായ പരീക്ഷണങ്ങളിലൂടെ അനുഭവമാക്കിയും ശാസ്ത്രപഠനത്തിന്റെ ലാളിത്യം ഉചിതമായ തന്ത്രങ്ങളിലൂടെ ബോധ്യപ്പെടുത്തിയും നിരീക്ഷണത്തിനും തരംതിരിക്കലും നിഗമനങ്ങൾ രൂപപ്പെടുന്നതിനും ഒക്കെയുള്ള ശേഷികൾ വികസിപ്പിക്കുക. | ശാസ്ത്ര ക്ലബ്ബ് ദിനാചരണങ്ങൾ ,ഫീൽഡ് ട്രിപ്പുകൾ ക്യാമ്പുകൾ.<br>ബോധവൽക്കരണ ക്ലാസുകൾ, പരീക്ഷണങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ, പഠനയാത്രകൾ.<br>ശാസ്ത്ര മൂല. പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടാവുന്ന വിജ്ഞാപരമായ കാര്യങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് പ്രാദേശിക വിഭവങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കാം. | ഹ്രസ്വകാലം<br>ദീർഘകാലം | SMC<br>PTA<br>SSG | 5<br>6<br>7 |
| ശാസ്ത്രബോധം ശാസ്ത്രീയ വീക്ഷണം എന്നിവ വളർത്തുന്നതിന് സഹായിക്കുക. | ശാസ്ത്ര വാർത്ത ശേഖരണം. ഒരാഴ്ചയിൽ പത്രത്തിൽ വന്ന ശാസ്ത്ര സംബന്ധമായ പ്രവർത്തനത്തിൽ ഏർപ്പെടുകയും വിവരങ്ങൾ അനുബന്ധസാമ്രിഗളുടെ സഹായത്താൽ അവതരിപ്പിക്കാനുള്ള ശേഷി കൈവരിക്കുക. | മധ്യകാലം | | 5<br>6<br>7 |
| കൃഷി രീതികൾ മനസ്സിലാക്കുകയും ജൈവവൈവിധ്യത്തെ കുറിച്ച് അറിവ് നേടുകയും ചെയ്യുക. | നിരീക്ഷണം പഠനം<br>സസ്യങ്ങളുടെ വളർച്ച ഘട്ടങ്ങൾ മനസ്സിലാക്കുകയും ഓരോ ഭാഗങ്ങളുടെയും ധർമ്മം മനസ്സിലാക്കുകയും ചെയ്യുക ജൈവവൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കുക | ദീർഘകാലം | സാമൂഹിക ഇടപെടൽ | |

# വിഷയം- ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | ക്ലാസ്സ് |
|---|---|---|---|---|
| കുട്ടികളിൽ<br>ഗണിതാഭിരുചി<br>യുക്തിചിന്ത കൃത്യത<br>വ്യക്തത സൂക്ഷ്മത<br>ക്രിയാശേഷി<br>ആസ്വാദനക്ഷമത<br>എന്നിവ<br>വർദ്ധിപ്പിക്കുക | ഗണിത ക്ലബ്ബ് രൂപീകരിച്ചതാര് കൊടുത്ത് ബന്ധപ്പെട്ട പരിശീലനം നൽകുക. ഗണിത ക്വിസ്, ഗണിതകേളികൾ, Puzzles. ജോമട്രിക്കൽ ചാർട്ട് ,നമ്പർ ചാർട്ട്, സ്റ്റിൽ മോഡൽ, ഗണിത മാഗസിൻ, ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ.<br><br>ഗണിത സംബന്ധമായ വിഷയങ്ങളുമായി ബന്ധപ്പെട്ട സെമിനാറുകൾ പ്രൊജക്ടുകൾ എന്നിവ നടത്തുക.<br>ഗണിത ലാബ്, ഗണിത ലൈബ്രറി, ഗണിത ബോർഡ്, ഗണിത പൂന്തോട്ടം എന്നിവ സജ്ജമാക്കുക. ഗണിതമേളകളിലും വിവിധ മത്സരങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുക.<br>പിന്നോക്കക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക.<br>ക്ലാസ് റൂമുകളിൽ ഗണിത ഭിത്തി സജ്ജീകരിക്കുക.<br>കുട്ടികൾക്ക് കളി ഉപകരണങ്ങൾ സജ്ജീകരിക്കുക.<br>ഡിസംബർ 22 ഗണിതശാസ്ത്ര ദിനം ആചരിക്കുക.<br>ഗണിതോത്സവം സംഘടിപ്പിക്കുക.<br>ചതുഷ്ക്രിയകൾ കുട്ടികളിൽ സരളമായി സ്വായത്തമാക്കുന്നതിന് ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നു.<br>വീഡിയോയുടെ സഹായത്തോടെ ഗണിതരൂപങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നു | ജൂൺ മാസം<br>മുതൽ മാർച്ച്<br>വരെ | കുട്ടികൾ<br>അധ്യാപകർ<br>പ്രഥമ അധ്യാപകൻ<br>രക്ഷിതാക്കൾ<br>പി ടി എ<br>എം പി ടി എ<br>ജനപ്രതിനിധികൾ<br>പൂർവ്വ-<br>വിദ്യാർത്ഥികൾ<br>സ്കൂൾ വികസന-<br>സമിതി മുതലായവർ | 5<br>6<br>7 |

# ഉപസംഹാരം

മലയാളം, ഇംഗ്ലീഷ് ,ഹിന്ദി, സംസ്കൃതം എന്നീ ഭാഷകൾ സാമാന്യമായി കൈകാര്യം ചെയ്യുന്നതിന് ശാസ്ത്രം ,സാമൂഹ്യശാസ്ത്രം ,ഗണിതശാസ്ത്രം ഇവയുടെ അടിസ്ഥാനശേഷി വികാസവുമാണ് ഈ മാസ്റ്റർപ്ലാനിലൂടെ പ്രധാനമായും ലക്ഷ്യമാക്കുന്നത്.കൂടാതെ കുട്ടികളുടെ നൈസർഗികമായ വാസനകളെ കണ്ടെത്തി ഓരോ കുട്ടിയുടെയും താല്പര്യങ്ങൾക്ക് അനുസൃതമായി അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു .പ്രസ്തുത പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്ന സാഹിത്യ അഭിരുചി ഗണിത ഗണിത അഭിരുചി ഇപ്രകാരം വ്യത്യസ്ത അഭിരുചി ഉള്ള കുട്ടികൾക്ക് പ്രസ്തുത അഭിരുചിയെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകി പരിശീലിപ്പിക്കുന്നു. ഓരോ കുട്ടിയുടെയും പ്രസ്തുത പ്രവർത്തനങ്ങളെ വിലയിരുത്തി അവതരിപ്പിക്കുന്നതിന് ആവശ്യമായ വേദികൾ സജ്ജമാക്കുക തുടങ്ങിയ കാര്യങ്ങൾ എല്ലാം ഈ മാസ്റ്റർ പ്ലാനിലൂടെ ഉദ്ദേശിക്കുന്ന കുട്ടികളുടെ സമഗ്ര വികസനമാണ് 2025-26 വർഷത്തിലെ അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.